പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 959

29..09..2011 -ൽ
മറുപടി നൽകേണ്ടിയിരുന്നത്

## സംസ്ഥാനത്ത് സ്വകാര്യ-പൊതുമേഖലകളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ

| *ചോദ്യം* | | *ഉത്തരം* |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2006 മെയ് മുതൽ 2011 മെയ് 30 വരെ എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി കൊടുത്തു; ഇതിൽ എത്ര മെഡിക്കൽ കോളേജുകൾ; എത്ര എഞ്ചിനീയറിംഗ് കോളേജുകൾ എന്ന് വ്യക്തമാക്കുമോ; | (എ) | 2006 മെയ് മുതൽ 2011 മെയ് 30 വരെ 204 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 7 മെഡിക്കൽ കോളേജുകളും 41 എഞ്ചിനീയറിംഗ് കോളേജുകളും ഉൾപ്പെടുന്നു. |
| (ബി) ഇപ്പോൾ സംസ്ഥാനത്ത് സ്വകാര്യ പൊതുമേഖലകളിൽ എത്ര എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകൾ ആണ് ഉള്ളത്; | (ബി) | സ്വാകാര്യ മേഖലയിൽ 108 എഞ്ചിനീയറിംഗ് കോളേജുകളും 18 മെഡിക്കൽ കോളേജുകളും പൊതുമേഖലയിൽ 5 മെഡിക്കൽ കോളേജുകളും 21 എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) പുതുതായി മെഡിക്കൽ കോളേജുകൾ/എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു മേഖലയിൽ എന്ന് അറിയിക്കുമോ ? | (സി) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 4 പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>എ.ഐ.സി.റ്റി.ഇ. യുടെ അപ്രൂവലും ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശയും ഉള്ള സ്ഥാപനങ്ങൾ സീറ്റ് പങ്കുവയ്ക്കൽ, ഫീസ്, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച് സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന പക്ഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകുന്നതാണ്. |

അണ്ടർ സെക്രട്ടറി